പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.690

10.03.2015 ൽ
മറുപടിയ്ക്ക്

## യുവജന നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഷാഫി പറമ്പിൽ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | എ) 2013 മാർച്ച് 4-ാം തീയതി യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്. യുവജനങ്ങളുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക കായിക മാനസിക വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുക, യുവജനങ്ങളെ നാടിന്റെ മുഖ്യസ്വത്തായി കണ്ടുകൊണ്ട് അവരുടെ വിഭവശേഷിയിലും വളർച്ചയിലും പുരോഗതിയിലും ഊന്നൽ നൽകുക, സുസ്ഥിര വികസനത്തിലും സാമൂഹിക പ്രതിബദ്ധതയിലും ഊന്നൽ നൽകിക്കൊണ്ട് ആരോഗ്യകരവും സന്തോഷപ്രദവുമായ ജീവിതം നയിക്കാനുള്ള സാഹചര്യമൊരുക്കുക എന്നതാണ് യുവജനനയത്തിന്റെ ലക്ഷ്യം. |
| ബി) യുവജനക്ഷേമത്തിനായി പ്രസ്തുത നയത്തിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ; | ബി) യുവജനങ്ങളുടെ ക്ഷേമത്തിന് താഴെപ്പറയുന്ന കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1.തുടർ വിദ്യാഭ്യാസ പരിപാടികൾ, നൈപുണ്യ പരിശീലനം (skill development training) എന്നിവ നടപ്പിലാക്കുക.<br>2.ചെറുകിട – ഇടത്തരം വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക. യുവജനങ്ങളെ മികച്ച സംരംഭകരാക്കി ഉയർത്തുക.<br>3.യുവജനങ്ങളെ കൃഷിയിലേക്കും മൃഗസംരക്ഷണത്തിലേക്കും ആകർഷിക്കുന്നതിന് വേണ്ടി പരിസ്ഥിതി സൌഹൃദപരവും, ഹൈടെക്കുമായ കൃഷി രീതികൾ വ്യാപിപ്പിക്കുക.<br>4.മദ്യത്തിനും മറ്റ് മയക്കുമരുന്നുകൾക്കുമെതിരെ യുവജനങ്ങളുടെ പ്രതിരോധ നിര ഉയർത്തുക.<br>5. കലാകായിക സാംസ്കാരിക മാധ്യമ രംഗത്ത് യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകുക.<br>6.പൈതൃകവും സംസ്കാരവും കാത്തുസൂക്ഷിക്കുവാൻ യുവജനങ്ങളെ സജ്ജരാക്കുക.<br>7.സാമൂഹിക തിന്മകൾക്കെതിരെ യുവജനങ്ങളുടെ ഐക്യനിര കെട്ടിപ്പടുക്കുക. |

| | |
|---|---|
| സി) യുവജനനയം നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ? | സി) യുവജനനയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് താഴെ പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. സംരംഭകത്വവികസന പരിപാടി<br>2.ജീവദായിനി<br>3.പുനർജനി<br>4.കാർഷികയുവത്വം<br>5.PSC/IBPS സൌജന്യപരീക്ഷാ പരിശീലനപദ്ധതി<br>6.DTP/PSC ഓൺലൈൻ പരിശീലനം<br>7. ദേശീയോദ്ഗ്രഥന ക്യാമ്പ്<br>8.ജോബ്ഫെസ്റ്റ്<br>9.സാഹിത്യക്യാമ്പ്<br>10.യുവമാധ്യമ പ്രവർത്തക ക്യാമ്പ്<br>11.ചലച്ചിത്ര ക്യാമ്പ്<br>12.സാഹസിക പരിശീലന പരിപാടികൾ<br>13.വനിതാശില്പശാല<br>14.നാടക പരിശീലന കളരി<br>15. നാടൻ കലാമേള<br>16.ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ<br>17.ഗോത്രവർഗ്ഗ കലാമേള<br>18.പെയിന്റിംഗ് ശില്പശാല<br>19.യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്<br>20.ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്<br>21. വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്<br>22. സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം<br>23.സ്വയംതൊഴിൽ ബോധവൽക്കരണ പരിപാടികൾ |

സെക്ഷൻ ഓഫീസർ